**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** **12-09-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരത്ത് പാലോട് ഉള്ള മൃഗസംരക്ഷണ വകുപ്പിന്റെ റഫറൽ ലബോറട്ടറിയായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ രോഗനിർണ്ണയത്തിന് ആധുനിക സാങ്കേതിക വിദ്യകൾ നിലവിലുണ്ട്. രോഗനിരീക്ഷണം, രോഗനിർണ്ണയം, വകുപ്പിലെ മറ്റ് ലബോറട്ടറികൾക്ക് സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും നല്കുക, കർഷകർക്കും വകുപ്പിലേയും മറ്റ് അനുബന്ധ വകുപ്പുകളിലേയും ജീവനക്കാർക്ക് സാംക്രമിക രോഗങ്ങളെക്കുറിച്ചും ജന്തുജന്യരോഗങ്ങളെക്കുറിച്ചും അവബോധവും ആവശ്യമായ പരിശീലനവും നല്കുക, ആവശ്യാനുസരണം ഗവേഷണങ്ങൾ ഏറ്റെടുക്കുക, ഏകാരോഗ്യം എന്ന ആശയം നടപ്പിലാക്കുക, ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സംബന്ധിച്ച ബോധവൽക്കരണം നടത്തുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ. |
| (ബി) | പുതിയതായി റിപ്പോർട്ട് ചെയ്യുന്ന പന്നിപ്പനി, പക്ഷിപ്പനി, ചർമ്മമുഴ തുടങ്ങിയ രോഗങ്ങൾ കണ്ടെത്തി നിയന്ത്രണ വിധേയമാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വഴി കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പക്ഷിപ്പനി, പന്നിപ്പനി എന്നീ രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള കേന്ദ്രാനുമതി SIAD ന് ലഭിച്ചിട്ടില്ല. ഇവയുടെ നിർണ്ണയം NIHSAD ഭോപ്പാൽ, SRDDL ബാംഗ്ലൂർ എന്നിവിടങ്ങളിൽ മാത്രമേ നടത്തുവാൻ അനുമതിയുള്ളൂ. ആയതിനാൽ മേല്പറഞ്ഞ രോഗങ്ങൾ സംശയിക്കുന്ന സാഹചര്യത്തിൽ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സംഘം രൂപീകരിച്ച് സാമ്പിളുകൾ ശേഖരിക്കുകയും ആവശ്യമെങ്കിൽ ദേശീയ ലാബുകളിലേയ്ക്ക് സാമ്പിൾ അയയ്ക്കുകയും ചെയ്യുന്നു.<br><br>രോഗസ്ഥിരീകരണത്തിനുശേഷം രോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനും കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ പ്രവർത്തന മാർഗ്ഗരേഖകൾ അനുസരിച്ച് രോഗബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.<br><br>ചർമ്മമുഴ രോഗം നിർണ്ണയിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ കേരളത്തിലെ അംഗീകൃത ലബോറട്ടറിയാണ് SIAD. 2019 മുതൽ ചർമ്മമുഴ രോഗം Polymerase Chain Reaction (PCR) ടെക്നിക് മുഖേന നിർണ്ണയിച്ചുവരുന്നു. ത്വരിതഗതിയിൽ രോഗനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ഇത് സഹായിക്കുന്നു. |
| (സി) | പേവിഷ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും പേവിഷ ബാധ നിർണ്ണയത്തിനും പ്രസ്തുത സ്ഥാപനത്തിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകാമോ? | (സി) | പേവിഷബാധ രോഗനിർണ്ണയത്തിന് കേരളത്തിലെ ഏക ISO അംഗീകൃത ലബോറട്ടറിയാണ് SIAD. ഇവിടെ മൃഗങ്ങളിലെ മാത്രമല്ല, മനുഷ്യരിലേയും രോഗനിർണ്ണയം നടത്തുന്നു. കൃത്യമായ രോഗനിർണ്ണയം സമയബന്ധിതമായി നടത്തുന്നതിനാൽ വാക്സിനേഷനുകൾ കൃത്യമായി ഉറപ്പാക്കാൻ കഴിയുന്നുണ്ട്. വാക്സിനേഷനെ തുടർന്ന് മനുഷ്യരിലും മൃഗങ്ങളിലും ആവശ്യത്തിന് പ്രതിരോധശേഷി ഉണ്ടാകുന്നുണ്ടോ എന്നറിയുവാനുള്ള ടെസ്റ്റുകൾ നടത്തുന്ന കേരളത്തിലെ ഏകസ്ഥാപനമാണ് SIAD. മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് 4 പേവിഷ രോഗനിർണ്ണയലാബുകളുടെ ഏകോപനവും SIAD നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ